കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ഭാഷാദ്ധ്യാപകരുടെ പുനർവിന്യാസം സംബന്ധിച്ച് - നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ (എം.എസ്) നം.209/2016/പൊവിവ    തീയതി, തിരുവനന്തപുരം 26.12.2016

---

പരാമർശം: (1) 29/08/1992-ലെ 24574/ജെ1/1992/പൊവിവ നമ്പർ സർക്കുലർ.

(2) 05/08/2016-ലെ സ.ഉ (പി) നം. 134/2016/പൊവിവ നമ്പർ സർക്കാർ ഉത്തരവ്.

(3) 01/09/2016 & 27/09/2016 തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/35985/2016/ഡിപിഐ നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (2) പ്രകാരം 2015-16 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിന്റെ ഫലമായി തസ്തികനഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപക/അനദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തസ്തികനഷ്ടം സംഭവിച്ചിട്ടുള്ള (സംസ്കൃതം/അറബിക്/ഉറുദു) ഭാഷാദ്ധ്യാപകരെ പുനർവിന്യസിക്കുന്നതുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ 2015-16 അദ്ധ്യയനവർഷത്തെ തസ്തിക നിർണ്ണയത്തിന്റെ ഫലമായി തസ്തികനഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെട്ട സംസ്കൃതം/അറബിക്/ഉറുദു ഭാഷാദ്ധ്യാപകരുടെ സേവനം മാതൃവിദ്യാലയത്തിൽ കൂടി ലഭ്യമാക്കുന്നതിനായി താഴെപ്പറയും പ്രകാരം ക്രമീകരിക്കേണ്ടതാണ്.

1. **<u>എൽ.പി വിഭാഗം അറബിക് ടീച്ചർ തസ്തിക</u>**

കെ.ഇ.ആർ അധ്യായം XXIII, റൂൾ 2 എ (1) പ്രകാരം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ,

അറബിക് ഭാഷ പഠിക്കുന്ന ആകെ 28 കുട്ടികളോ, ഒരു ക്ലാസ്സിൽ ശരാശരി 7 കുട്ടികളോ ഉണ്ടെങ്കിലാണ് എൽ.പി വിഭാഗത്തിൽ അറബിക് ഭാഷാദ്ധ്യാപകന്റെ ഒരു ഫുൾടൈം തസ്തിക അനുവദിക്കുന്നത്. പ്രസ്തുത ചട്ടത്തിന്റെ പ്രൊവിസോ പ്രകാരവും, പരാമർശം (1)-ലെ സർക്കുലർ പ്രകാരവും ഒരു ക്ലാസ്സിൽ 7 കുട്ടികളെങ്കിലും അറബിക് പഠിക്കുന്നുവെങ്കിൽ പാർടൈം തസ്തിക അനുവദിക്കാവുന്നതാണ്. ഇപ്രകാരം കുട്ടികൾ ഉണ്ടെങ്കിൽ തസ്തിക നഷ്ടമായവരും, എന്നാൽ സംരക്ഷണത്തിന് അർഹതയുള്ളവരുമായ പ്രസ്തുത ഭാഷാദ്ധ്യാപകരുടെ നിലവിലുള്ള ആനുകൂല്യം നിലനിർത്തി അറബിക് പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയത്തിൽ തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്.

**2. യു.പി വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാദ്ധ്യാപക തസ്തികകൾ.**

കെ.ഇ.ആർ അധ്യായം XXIII, റൂൾ 6 (സി) പ്രകാരം യു.പി വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാദ്ധ്യാപക തസ്തികകൾ തുടരുന്നതിന് 5 മുതൽ 7 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 30 കുട്ടികൾ അല്ലെങ്കിൽ V-12, VI-6, VII-3 എന്ന ക്രമത്തിൽ കുറഞ്ഞത് 21 കുട്ടികൾ പ്രസ്തുത ഭാഷ പഠിക്കാനുണ്ടാകണം. 5 മുതൽ 7 വരെ ക്ലാസ്സുകളിൽ പ്രസ്തുത ഭാഷ പഠിക്കാൻ ആകെ 24 കുട്ടികൾ അല്ലെങ്കിൽ V-10, VI-5, VII-3 എന്ന ക്രമത്തിൽ കുറഞ്ഞത് 18 കുട്ടികളുണ്ടെങ്കിൽ, തസ്തിക നഷ്ടമായവരും സംരക്ഷണത്തിന് അർഹതയുള്ളവരുമായ ടി ഭാഷാദ്ധ്യാപകരെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെട്ട/പുനർവിന്യസിക്കപ്പെടുന്ന തസ്തികകളിൽ നിന്നും (സി.ആർ.സി കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ) 3 ദിവസം പ്രസ്തുത ഭാഷകൾ പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയത്തിൽ നിയോഗിക്കേണ്ടതാണ്.

**3. ഹൈസ്കൂൾ വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാദ്ധ്യാപക തസ്തികകൾ**

കെ.ഇ.ആർ XXIII, റൂൾ 6 (ഇ) പ്രകാരം ഹൈസ്കൂൾ വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാദ്ധ്യാപക തസ്തികകൾ തുടരുന്നതിന് 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 25 കുട്ടികൾ അല്ലെങ്കിൽ VIII-10, IX-5, X-3 എന്ന ക്രമത്തിൽ കുറഞ്ഞത് 18 കുട്ടികളെങ്കിലും പ്രസ്തുത ഭാഷ പഠിക്കാനുണ്ടാകണം. 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പ്രസ്തുത

ഭാഷ പഠിക്കാൻ ആകെ 20 കുട്ടികൾ അല്ലെങ്കിൽ VIII-8, IX-4, X-3 എന്ന ക്രമത്തിൽ 15 കുട്ടികളുണ്ടെങ്കിൽ ഫുൾ ടൈം തസ്തിക നഷ്ടമായവരും, എന്നാൽ തസ്തിക സംരക്ഷണത്തിന് അർഹതയുള്ളവരുമായ ടി ഭാഷാദ്ധ്യാപകരെ പരാമർശം (2)-ലെ ഉത്തരവ് പ്രകാരം പുനർവിന്യസിക്കപ്പെട്ട/പുനർവിന്യസിക്കപ്പെടുന്ന തസ്തികയിൽ നിന്നും (സി.ആർ.സി കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ) 3 ദിവസം പ്രസ്തുത ഭാഷകൾ പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയത്തിൽ നിയോഗിക്കേണ്ടതാണ്.

പ്രസ്തുത നിർദ്ദേശങ്ങൾ, ഭാഷാപഠനം തടസ്സപ്പെടാതിരിക്കാനും തസ്തിക നഷ്ടം സംഭവിച്ച ഭാഷാദ്ധ്യാപകരെ പുനർവിന്യസിക്കാനുമുള്ള താല്ക്കാലിക ക്രമീകരണം മാത്രമാണ്. ഭാഷാപഠനം മുടങ്ങാതിരിക്കാനുള്ള താത്കാലിക ക്രമീകരണം മാത്രമായതിനാൽ ഭാവിയിൽ തസ്തിക നിർണ്ണയത്തിനോ, പുതിയ തസ്തികകൾ അനുവദിക്കുന്നതിനോ അതുവഴി യാതൊരു വിധത്തിലുള്ള സാമ്പത്തിക ബാദ്ധ്യതയും ഇതു കണക്കിലെടുക്കാൻ പാടില്ലെന്ന നിബന്ധന കർശനമായും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഉഷ ടൈറ്റസ്**
**സെക്രട്ടറി**

പകർപ്പ്:

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ധനകാര്യവകുപ്പ്.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, എല്ലാ സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് കത്ത് നമ്പർ എച്ച് 2/35985/2016/ഡിപിഐ തീയതി 28/12/2016

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അയക്കുന്നു. 2015-16 ലെ തസ്തിക നിർണയപ്രകാരം തസ്തിക നഷ്ടമായ സംരക്ഷിത ഭാഷാധ്യാപക

രുള്ള (സംസ്കൃതം, അറബിക്, ഉറുദു ഭാഷകൾ) സ്കൂളുകളിൽ ഈ ഉത്തരവിലെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തസ്തികകൾ പുനർനിർണയിച്ച് തസ്തിക നിർണയ ഉത്തരവ് 31/12/2016 നകം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കാൻ എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം പുനർനിർണയിക്കപ്പെടുന്ന തസ്തികകളിലേക്ക് നിലവിലുള്ള പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാധ്യാപകരെ തിരികെ വിളിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പിന്നാലെ നൽകുന്നതാണ്. 31/12/2016 നകം തന്നെ തസ്തികകൾ പുനർനിർണയിച്ച്, സ്കൂളുകളിലേക്ക് തിരികെ വിളിക്കേണ്ട അധ്യാപകരുടെ വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ അറിയിക്കുന്നതിൽ എ.ഇ.ഒ/ഡി.ഇ.ഒ മാർ യാതൊരു വീഴ്ചയും വരുത്തരുതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ.